വിശകലനം ● റഹ്മാൻ മധുരക്കുഴി

# ലോക രാഷ്ട്രങ്ങളിലെ വനിതാ പ്രാതിനിധ്യവും ഇന്ത്യയിലെ ദുരവസ്ഥയും

**സ്ത്രീശാക്തീകരണമെന്ന** വിപ്ലവ മുദ്രാവാക്യം ശക്തമായി മുഴങ്ങിക്കേൾക്കുന്ന ഇക്കാലത്ത്, ലോക രാഷ്ട്രങ്ങളിൽ സ്ത്രീകളുടെ രാഷ്ട്രീയ-ഭരണരംഗങ്ങളിലെ പ്രാതിനിധ്യം എത്രത്തോളം പ്രബലമാണെന്ന അന്വേഷണത്തിന് ഏറെ പ്രസക്തിയുണ്ട്.

ലോകത്തിലെ വൻ ശക്തിയും പരിഷ്കൃത രാഷ്ട്രമെന്ന വിശിഷ്ട മുദ്രയുമുള്ള അമേരിക്ക സ്ത്രീകൾക്ക് രാഷ്ട്രീയ പ്രാതിനിധ്യം നൽകുന്നതിൽ വളരെ പിന്നിലാണ്. പാർലമെന്റിലെ സ്ത്രീപ്രാതിനിധ്യത്തിൽ അമേരിക്കയുടേത് ലോക രാഷ്ട്രങ്ങൾക്കിടയിൽ 68-ാം സ്ഥാനത്താണ്. സ്ത്രീപ്രാതിനിധ്യത്തെക്കുറിച്ച പഠനം നടക്കുന്ന ന്യൂയോർക്കിലെ വൈറ്റ് ഹൗസ്, തൽസംബന്ധമായ പഠന റിപ്പോർട്ട് നാലു വർഷം മുമ്പ് പുറത്തുവിട്ടിരുന്നു. വിവിധ രാജ്യങ്ങളിലെ സ്ത്രീകൾ കൂടുതൽ ഔൽസുക്യത്തോടെ രാഷ്ട്രീയ പ്രവർത്തനം നടത്തുമ്പോൾ, അമേരിക്കൻ വനിതകൾ വിമുഖത തുടരുന്നതായാണ് പ്രോജക്ട് അധ്യക്ഷ മേരി വിൽസന്റെ വിശദീകരണം. അമേരിക്കയിൽ ഇന്നോളം ഒരു വനിതക്ക് പ്രസിഡന്റ് സ്ഥാനാർഥിത്വം പോലും അനുവദിക്കപ്പെട്ടിട്ടില്ല! 15.2 ശതമാനം മാത്രമാണ് അമേരിക്കയിൽ പാർലമെന്റിലെ സ്ത്രീപ്രാതിനിധ്യം.

ബീജിംഗിലെ ചരിത്ര പ്രധാനമായ ലോകവനിതാ സമ്മേളനം കഴിഞ്ഞ് പതിറ്റാണ്ടിലേറെ പിന്നിട്ടുവെങ്കിലും ലോക രാജ്യങ്ങളിൽ വനിതാ പാർലമെന്റ് അംഗങ്ങളുടെ എണ്ണത്തിൽ കാര്യമായ വർധന ഉണ്ടായിട്ടില്ല. പാർലമെന്റുകളുടെ 15.7 ശതമാന

മാണ് ഇപ്പോഴും വനിതകളുടെ പ്രാതിനിധ്യമെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു. അറബ് രാജ്യങ്ങളിൽ വനിതാ പ്രതിനിധികളുടെ എണ്ണത്തിൽ പത്തു വർഷം കൊണ്ട് ഇരട്ടി വർധനയുണ്ടായെങ്കിലും മറ്റു രാജ്യങ്ങളിൽ മെച്ചമുണ്ടായില്ലെന്ന് ഇന്റർ പാർലമെന്ററി യൂനിയൻ പറയുന്നു. ഐക്യരാഷ്ട്ര സംഘടനയുടെ ഇന്റർ പാർലമെന്റ് യൂനിയൻ തയാറാക്കിയ റിപ്പോർട്ട് പ്രകാരം ലോകത്താകെ പാർലമെന്റുകളിൽ 17.7 ശതമാനം വനിതകളാണ് ഇപ്പോഴുള്ളത്.

വനിതാ പ്രാതിനിധ്യത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന രാജ്യം റുവാണ്ടയാണ്. ഇവിടെ പാർലമെന്റ് അംഗങ്ങളിൽ 48.8 ശതമാനം വനിതകളാണ്. ഉപരിസഭയിൽ 34.6 ശതമാനമുണ്ട് വനിതകൾ. അർജന്റീനയിൽ പാർലമെന്റ് അംഗങ്ങളിൽ 40 ശതമാനവും വനിതകൾതന്നെ. ഫിൻലാന്റിൽ 48 ശതമാനവും സ്ത്രീകളാണ്. ഉഗാണ്ടയിൽ 292 അംഗ നിയമനിർമാണസഭയിൽ 56 പേർ (19.1 ശതമാനം) സ്ത്രീകളാണ്. ദക്ഷിണാഫ്രിക്കയിൽ കുറഞ്ഞത് 30 ശതമാനം സംവരണം വേണമെന്നാണ് നിയമം. അവിടെ ഇപ്പോൾ 45 ശതമാനം സ്ത്രീപ്രാതിനിധ്യമുണ്ട്. ഇറാഖീ പാർലമെന്റിൽ 25 ശതമാനത്തിലേറെ പ്രാതിനിധ്യമുണ്ട്. സ്വീഡനിൽ 47-ഉം ഐസ്‌ലന്റിൽ 43-ഉം ശതമാനാണ് പാർലമെന്റുകളിലെ വനിതാ പ്രാതിനിധ്യം. കോസ്റ്ററിക്കയും അംഗോളയും വരെ പാർലമെന്റിൽ 37 ശതമാനം സ്ത്രീ സാന്നിധ്യമുള്ള രാജ്യങ്ങളാണ്. തെരഞ്ഞെടുപ്പ് നിയമങ്ങളിലെ വ്യക്തമായ മാറ്റങ്ങളിലൂടെയാണ് ആഫ്രിക്കൻ രാജ്യങ്ങൾ നിയമനിർമാണ സഭകളിലെ സ്ത്രീ സാന്നിധ്യം വർധിപ്പിച്ചത്.

എന്നാൽ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യങ്ങളിലൊന്ന്, സ്ത്രീയെ സംപൂജ്യമായി കരുതുന്ന ഒരു സാംസ്കാരിക പൈതൃകം അവകാശപ്പെടുന്ന രാജ്യം എന്നീ നിലകളിൽ പ്രശസ്തി നേടിയ ഇന്ത്യ, പാർലമെന്റിലെ വനിതാ പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ അയൽരാജ്യങ്ങളായ പാകിസ്താൻ, അഫ്ഗാനിസ്താൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളുടെ പിന്നിലാണെന്ന് വന്നാലോ! പാർലമെന്റുകളിലെ കീഴ്‌സഭയിൽ സ്ത്രീകളുടെ പങ്കാളിത്തം പാകിസ്താനിൽ 21.3-ഉം ബംഗ്ലാദേശിൽ 15.1-ഉം അഫ്ഗാനിസ്താനിൽ 34.9-ഉം ശതമാനമാണ്. അഫ്ഗാനിസ്താനിലെ ദേശീയ അസംബ്ലിയിൽ 186 സീറ്റിൽ 65 എണ്ണം വനിതകൾക്കാണ്. പാർലമെന്റിന്റെ കീഴ്‌സഭയിൽ വനിതാ പങ്കാളിത്തം ഇന്ത്യയിൽ 8.3 ശതമാനം മാത്രം! രാജ്യസഭയിലാവട്ടെ, വനിതാ പ്രാതിനിധ്യം 11.2 ശതമാനവും! ദക്ഷിണേഷ്യയിൽ നിയമനിർമാണ സഭകളിലെ വനിതാ പ്രാതിനിധ്യത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്നത് ഇന്ത്യയാണെന്ന് മുൻ വനിതാ ശിശുവികസന സഹമന്ത്രി രാജ്യസഭയിൽ വെളിപ്പെടുത്തുകയുണ്ടായി. ഇന്ത്യയുടെ വികസന പ്രക്രിയയിൽ നിന്ന് സ്ത്രീകൾ പലപ്പോഴും മാറ്റി നിർത്തപ്പെടുന്നതായി ഇന്റർനാഷ്നൽ ലേബർ ഓർഗനൈസേഷൻ മേധാവി ഈയിടെ വ്യക്തമാക്കിയിരുന്നു.

ഇന്ത്യൻ പാർലമെന്റിൽ സ്ത്രീകളുടെ അംഗബലം ഒരിക്കലും പത്തു ശതമാനത്തിനപ്പുറം എത്തിയിട്ടില്ല. സംസ്ഥാന നിയമസഭകളിലെ പ്രാതിനിധ്യവും തഥൈവ. ജനസംഖ്യയിൽ പാതിവരുന്ന ഒരു വിഭാഗം, അധികാര കേന്ദ്രങ്ങളിൽനിന്ന് എന്തുകൊണ്ട് അദൃശ്യരാവുന്നു? കേരള നിയമസഭയിൽ വനിതകൾ ഏഴു മാത്രം. ലോകസഭയിലേക്ക് സംസ്ഥാനത്ത് നിന്ന് 20 സീറ്റുകളുള്ളതിൽ ഇപ്പോൾ വനിതകൾ വട്ടപ്പൂജ്യം! 33 ശതമാനം സംവരണം എന്ന വനിതാ ബിൽ പ്രാവർത്തികമാക്കപ്പെടുകയാണെങ്കിൽ കേരള നിയമസഭക്ക് 46 വനിതാ അംഗങ്ങളെങ്കിലും ഉണ്ടാവും. സംസ്ഥാന നിയമസഭയിലേക്ക് മത്സരിക്കാൻ സൗഭാഗ്യം ലഭിക്കുന്ന സ്ത്രീ സ്ഥാനാർഥികൾ

നാമമാത്രം! വോട്ടർമാരിൽ പകുതിയിലേറെ സ്ത്രീകളുള്ള, 88 ശതമാനം സ്ത്രീ സാക്ഷരതയുള്ള പ്രബുദ്ധ കേരളത്തിൽ സ്ത്രീകളുടെ സ്ഥിതി ഇതാണെങ്കിൽ മറ്റിടങ്ങളിലെ കാര്യം എന്തുപറയാൻ?

ഇടതുപക്ഷം ഭരിച്ചിരുന്ന - ഇപ്പോഴും ഭരിക്കുന്ന- കേരളത്തിൽ വനിതാ ജനപ്രതിനിധികൾ ഒമ്പത് ശതമാനവും, 20 വർഷത്തിലേറെ ഇടതുപക്ഷ പുരോഗമന സംഖ്യം അടക്കിവാണ പശ്ചിമ ബംഗാളിൽ വനിതാ പ്രാതിനിധ്യം ഏഴു ശതമാനവും മാത്രാണെന്ന് വരുമ്പോൾ, പുരുഷാധിനിവേശത്തിൽ പുറംതള്ളപ്പെടുന്ന നമ്മുടെ സഹോദരിമാരുടെ ദയനീയ ചിത്രമല്ലേ അനാവരണം ചെയ്യപ്പെടുന്നത്!

നമ്മുടെ സുപ്രീംകോടതിയിൽ പേരിന് പോലും ഒരു സ്ത്രീയില്ലെന്നത് എന്തുമാത്രം അപമാനകരമല്ല! ഹൈക്കോടതികളിലെ സ്ഥിതിയും മറിച്ചാണോ? സ്ത്രീസമൂഹം അനുഭവിക്കുന്ന വിവേചനത്തിനും ചൂഷണത്തിനുമെതിരെ വിധി എഴുതുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന നീതിപീഠത്തിൽ അവർക്ക് നാമമാത്ര പങ്കാളിത്തം പോലുമില്ലാത്ത ദുരവസ്ഥയിൽ, നമ്മുടെ സ്ത്രീവിമോചന-ശാക്തീകരണവാദികൾ എന്തേ അസ്വസ്ഥരാവുന്നില്ല! നമ്മുടെ കോടതികളിലെ സ്ത്രീപ്രാതിനിധ്യം പരമ ശോചനീയമായി തുടരുമ്പോൾ, മതയാഥാസ്ഥിതിക രാഷ്ട്രമെന്ന് നമ്മിൽ ചിലർ അധിക്ഷേപിക്കുന്ന ഇറാനിലെ കോടതികളിലെ സ്ത്രീജഡ്ജിമാരുടെ എണ്ണം 89-ഓളം വരുമെന്നോർക്കുക. ഹൈക്കോടതി ജഡ്ജിമാരായി പരിഗണിക്കാവുന്ന സ്ത്രീകളാരും ബാറിലും ബഞ്ചിലും ഇല്ലാതെ പോവുന്നത് നമ്മെ ചിന്തിപ്പിക്കുകയും ലജ്ജിപ്പിക്കുകയും ചെയ്യേണ്ടതല്ലേ?

ലോക്സഭയിലും രാജ്യസഭയിലുമെന്നല്ല, പത്രമാധ്യമങ്ങളിലും ദൃശ്യമാധ്യമങ്ങളിലും സർവത്ര വനിതാ സംവരണ ബില്ലിനെക്കുറിച്ച ഒച്ചയും ചർച്ചയും ബഹളവുമാണ്. സ്ത്രീകൾക്ക് 33 ശതമാനം സംവരണം എന്ന ആശയത്തോട് പരസ്യമായി ഒറ്റ പാർട്ടിയും എതിരല്ല. മുസ്ലിം, ദലിത്, പിന്നാക്ക വിഭാഗങ്ങൾക്ക് കൂടി സംവരണം ഉറപ്പാക്കും വിധം, ബില്ലിൽ മാറ്റം വരുത്തണമെന്നേ ചില പാർട്ടികൾക്ക് തടസ്സവാദമുള്ളൂ. ഈ വാദം രാഷ്ട്രീയ താൽപര്യപ്രേരിതമാണെന്ന് സമ്മതിച്ചാൽ പോലും പറയുന്ന കാര്യത്തിൽ ന്യായമുണ്ട്. പട്ടികജാതി-വർഗ വിഭാഗങ്ങൾക്ക് ലോക്സഭ-നിയമസഭാ തെരഞ്ഞെടുപ്പുകളിൽ പ്രത്യേക സംവരണം ഏർപ്പെടുത്തിയത് സാമൂഹിക പിന്നാക്കാവസ്ഥ മുൻനിർത്തിയാണ്. രാജ്യത്ത് മുസ്ലിംകൾ അവരേക്കാൾ പിന്നാക്കം പോയിരിക്കുന്നുവെന്ന സച്ചാർ സമിതിയുടെ കണ്ടെത്തലിന്റെ പശ്ചാത്തലത്തിൽ, രംഗനാഥ മിശ്ര റിപ്പോർട്ട് നടപ്പാക്കാൻ കൂട്ടാക്കാത്ത യു.പി.എ സർക്കാർ വനിതാ ബില്ലിൽ ഉപസംവരണം അനുവദിക്കാതെ മുസ്ലിംകളെ വീണ്ടും ദ്രോഹിക്കുകയാണെന്ന യാദവ നേതാക്കന്മാരുടെ വിമർശനം ഇത്തിരി കഴമ്പുള്ളതെന്ന് നമുക്ക് സമ്മതിക്കേണ്ടിവരുന്നു. 534 അംഗ ലോക്സഭയിൽ മുസ്ലിംകൾ 28 മാത്രം. 14 ശതമാനം ഉള്ള മുസ്ലിംകൾക്ക് ജനസംഖ്യാനുപാതമനുസരിച്ച് 75 എം.പിമാർ ഉണ്ടാവണം. നിലവിലെ 59 വനിതാ എം.പിമാരിൽ 2 പേർ മാത്രമാണ് മുസ്ലിംകൾ. ഇവിടെയാണ് ഉപസംവരണത്തിന്റെ പ്രസക്തി.

വനിതാ ബിൽ പാസ്സാക്കിയെടുക്കാൻ ആവേശപൂർവം രംഗത്തുള്ള ഇന്ത്യൻ നാഷ്നൽ കോൺഗ്രസ്സിൽ 90 ശതമാനം എം.പിമാരും ബില്ലിനെതിരാണത്രെ! സോണിയാ ഗാന്ധിയെ പേടിച്ച് അവർ മൗനം ദീക്ഷിക്കുകയാണ് പോൽ. വനിതാ സംവരണ ബിൽ രാജ്യസഭയിൽ പാസ്സായപ്പോൾ, തന്നെ അഭിനന്ദിക്കാൻ ഓടിവന്ന നേതാക്കളോട് 'ഇത് ആത്മാർഥമായ അഭിനന്ദനം തന്നെയാണോ?' എന്ന സോണിയയുടെ

ചോദ്യത്തിനു നേരെ, നേതാക്കൾ വെറുതെ ചിരിക്കുക മാത്രമാണ് ചെയ്തതെന്നാണ് വാർത്ത. വനിതാ ബില്ലിനെ പിന്തുണക്കുന്നുവെന്ന് പറയുന്ന ബി.ജെ.പിയുടെ കാര്യമോ? 70 ശതമാനം ബി.ജെ.പി എംപിമാരും ബില്ലിനെതിരാണെന്നാണ് ബി. ജെ.പി ചീഫ് വിപ്പ് രമേശ് ബയസ് പറഞ്ഞത്.

പുരോഗമന വിപ്ലവ പ്രസ്ഥാനമായ മാർക്സിസ്റ്റ് പാർട്ടിയുടെ 67 അംഗ കേന്ദ്ര കമ്മിറ്റിയിൽ വനിതകളുടെ എണ്ണം മൂന്നേ മൂന്ന്! 1964-ൽ പാർട്ടി നിലവിൽ വന്നിട്ട് അതിന്റെ പോളിറ്റ് ബ്യൂറോയിൽ ഒരു വനിതക്ക് പ്രവേശനം ലഭിക്കാൻ 40ലേറെ വർഷം കാത്തിരിക്കേണ്ടിവന്നു! 'നിർണായക തീരുമാനങ്ങളെടുക്കാൻ കഴിവുള്ളവരെയാണ് കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതെന്നും കേന്ദ്രകമ്മിറ്റിയിൽ വനിതാ പ്രാതിനിധ്യം വർധിപ്പിക്കുന്നതിന് പരമാവധി ശ്രമിച്ചുവെങ്കിലും കഴിവുള്ളവരെ കണ്ടെത്താനായില്ലെന്നു'മായിരുന്നു ഹർകിഷൻ സിംഗ് സുർജിത് തൽസംബന്ധമായ അന്വേഷണത്തിന് നൽകിയ വിശദീകരണം. സി.പി.ഐ സംസ്ഥാന കൗൺസിലിൽ എട്ട് വനിതകൾ മാത്രമാണുള്ളത്. 108 അംഗ സംസ്ഥാന കൗൺസിലിൽ 15 പുതുമുഖങ്ങളെ ഉൾപ്പെടുത്തിയപ്പോൾ ഒരേയൊരു വനിതക്ക് മാത്രമാണ് അവസരം കിട്ടിയത്. ചില പാർട്ടികളിലാവട്ടെ, കുടുംബ മഹിമയാണ് സ്ത്രീപ്രാതിനിധ്യത്തിന്റെ അളവ് കോൽ. നെഹ്റുവിന്റെ മകളായതുകൊണ്ട് ഇന്ദിര, രാജീവ് ഗാന്ധിയുടെ വിധവയായതുകൊണ്ട് സോണിയ... എന്നിങ്ങനെ. ഇക്കാര്യം സാക്ഷാൽ രാഹുൽ ഗാന്ധി തന്നെ സമ്മതിക്കുന്നുണ്ട്. "ജന്മം കൊണ്ട് കിട്ടിയ വിശേഷാവകാശമാണ് തനിക്ക് രാഷ്ട്രീയത്തിലേക്ക് എളുപ്പവഴി ഒരുക്കിയത്. നിങ്ങളുടെ ബന്ധുവോ കുടുംബാംഗമോ രാഷ്ട്രീയത്തിലുണ്ടെങ്കിൽ പ്രവേശനം എളുപ്പമാവും. അതിന്റെ ഏറ്റവും വലിയ ഉദാഹരണമായി ഞാൻതന്നെ നിങ്ങൾക്ക് മുന്നിലുണ്ട്" (*മംഗളം* 20.1.2010).

ഒരു രാഷ്ട്രീയ സമ്മർദശക്തി എന്ന നിലക്ക് സ്ത്രീ സംഘടിത ശക്തി വളരെ ദുർബലമാണ്. നമ്മുടെ രാഷ്ട്രീയാന്തരീക്ഷം സ്ത്രീ സൗഹൃദപരമായിരിക്കണം. വ്യക്തിത്വമുള്ള, സ്വത്വബോധമുള്ള സ്ത്രീകൾ രാഷ്ട്രീയത്തിലേക്ക് കടന്നുവരണം. അവർക്ക് സ്വന്തം നിലയിൽ പ്രവർത്തിച്ചുയരാൻ സാധ്യമാകുംവിധം സംഘടനാ സംവിധാനങ്ങൾ ഉയർന്നുവരണം. പാർലമെന്റ്-നിയമസഭകളിലേക്ക് മൂന്നിലൊന്ന് സംവരണം സാധ്യമാവുന്നതോടൊപ്പം എല്ലാ രാഷ്ട്രീയ കക്ഷികൾക്കുള്ളിലും ഈ സംവരണ തത്ത്വം പ്രായോഗികമാക്കണം. ജനസംഖ്യാ വളർച്ചയുടെ തോതിനേക്കാൾ വേഗത്തിലാണ് സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളുടെ നിരക്ക് വർധിക്കുന്നതെന്ന ദേശീയ ക്രൈം റെക്കോർഡ് ബ്യൂറോയുടെ വെളിപ്പെടുത്തലിന്റെ പശ്ചാത്തലത്തിൽ, സ്ത്രീശാക്തീകരണം പതിന്മടങ്ങ് വേഗതയിലും ജാഗ്രതയിലും ഇവിടെ പ്രയോഗവത്കരിക്കേണ്ടത് അനിവാര്യമായി വന്നിരിക്കുന്നു. ■